**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3057** **18-06-2019 ൽ മറുപടിക്ക്**

**ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിൽ നിന്നും ഭൂമി പാട്ടത്തിന് എടുത്തശേഷം പാട്ട വ്യവസ്ഥകൾ ലംഘിച്ച് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഭൂമി വിറ്റതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതൊക്കെ തോട്ടങ്ങളാണ് അപ്രകാരം വില്പന നടത്തിയതെന്നും ആരാണ് അത് വിറ്റതെന്നും വ്യക്തമാക്കുമോ; | (ബി) പാലക്കാട് ജില്ലയിലെ ചെറുനെല്ലി കാരപ്പാറ എ) കാരപ്പാറ ബി. അലക്സാണ്ടഡ്രിയ എ (8 എണ്ണം) അലക്സാണ്ടഡ്രിയ ബി (6 എണ്ണം) ബ്രൂക്കലാന്റ് മോങ്കവുഡ്, രാജാക്കാട്, കമ്പളകടി, ചന്ദ്രാമല, കൊട്ടയങ്ങാടി, മണലാരു, മണലാരു (കൊച്ചിൻ), ലില്ലി, കരടിമല, വിക്ടോറിയ, മോങ്കവുഡ് (AVT), പേത്തുപാറ, പുലയമ്പാറ, ചന്ദ്രാമല 2 എണ്ണം പൂത്തുണ്ട്, അലക്സാണ്ടഡ്രിയ (കൊച്ചിൻ പ്ലാന്റേഷൻ) വിക്ടോറിയ (കൊച്ചിൻ പ്ലാന്റേഷൻ), ഈസ്റ്റ് പുല്ലാല സൂര്യപ്പാറ – എ,ബി,സി ബിയോടീസ് (കൊച്ചിൻ പ്ലാന്റേഷൻ) എന്നീ 41 എസ്റ്റേറ്റുകളാണ് പാട്ടവ്യവസ്ഥകൾ ലംഘിച്ച് വിവിധ കാലഘട്ടങ്ങളിൽ വിവിധ ആളുകൾ വിൽപ്പന നടത്തിയിരിക്കുന്നത്. ഹാരിസൺ മലയാളം ലിമിറ്റഡ് 1985-ൽ കൊല്ലം ജില്ലയിൽ അമ്പനാട് എസ്റ്റേറ്റ് ഉൾപ്പെടെ 2700 ഏക്കർ തോട്ടം ഭൂമി ട്രാവൻകൂർ റബർ & ടി കമ്പനിക്കും 2004-ൽ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽപ്പെട്ട 1665 ഏക്കർ ബോയിസ് എസ്റ്റേറ്റ് ഹാരിസൺ കമ്പനിയും 2005-ൽ കോട്ടയം ജില്ലയിൽ മണിമല താലൂക്കിൽപ്പെട്ട 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് ഗോസ്പൽ ഫോർ ഏഷ്യ എന്ന കമ്പനിക്കും 2005 ൽ കൊല്ലം ജില്ലയിൽ 206 ഏക്കർ തെന്മല എസ്റ്റേറ്റ് റിയ റിസോർട്സ് & പ്രോപ്പർട്ടീസ് എന്ന കമ്പനിയും വിൽപ്പന നടത്തുകയുണ്ടായി.<br>മറ്റു ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു. |

(സി) തോട്ടം നടത്തിപ്പിനായി പാട്ടത്തിന് എടുത്ത ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് ഏറ്റെടുക്കാമെന്ന് സ്പെഷ്യൽ ഓഫീസർ രാജമാണിക്യം റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമി സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ അന്വേഷണം നടത്തിയ ശേഷം കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പ്രസ്തുത നിയമ പ്രകാരം നടപടി സ്വീകരിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസവും കോടതി ഇടപെടലുകളും ഭൂമി ഏറ്റെടുക്കുന്നത് വൈകിപ്പിക്കുമെന്ന് കണ്ടതിനാൽ ഇത്തരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് നിയമ നിർമ്മാണം ആവശ്യമാണെന്ന് വ്യക്തമാക്കി കൊണ്ട് സ്പെഷ്യൽ ഓഫീസർ 04.06.2016-ന് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടു വരുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(ഡി) തോട്ടം നടത്തിപ്പിനായി പാട്ടത്തിന് എടുത്ത ഭൂമി കൈമാറ്റം ചെയ്തിട്ടുള്ള വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**